# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **28.09.2024** മുതൽ **02.10.2024** വരെ)

## കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.കെ.ഡി. – 78/2024 | തീയ്യതി: 27/09/2024 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 26.6 | 30.8 – 33.5 | 23.4 – 25.4 | 69 – 91 | 00 - 04 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്


| സൂചിക | 28-09-2024 | 29-09-2024 | 30-09-2024 | 01-10-2024 | 02-10-2024 |
|---|---|---|---|---|---|
| മഴ, മി.മീ | 2 | 4 | 12 | 7 | 2 |
| കൂടിയതാപനില, °C | 33 | 32 | 32 | 32 | 32 |
| കുറഞ്ഞതാപനില, °C | 25 | 25 | 25 | 26 | 26 |
| കൂടിയആപേക്ഷികആർദ്രത, % | 90 | 90 | 90 | 90 | 90 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 3 | 3 | 4 | 4 | 4 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 290 | 320 | 320 | 320 |
| മേഘവിന്യാസം, ഒക്ടാ | 3 | 7 | 8 | 6 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തിയായ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലിയും അനുഭവപ്പെടും.<br>സെപ്റ്റംബർ 29,30ന് ഒറ്റപ്പെട്ട ശക്തിയായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.5 മില്ലിമുതൽ 115.5 മില്ലി വരെ)<br>സെപ്റ്റംബർ 27,28,ഒക്ടോബർ 01ന് ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലി വരെ) | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ശക്തമായ മഴയിൽ അമിതമായി വെള്ളക്കെട്ടുണ്ടായിരിക്കുന്ന ഇടങ്ങളിൽ നീർ വാർച്ച അനുവദിക്കുക<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>അവശ്യ ഘട്ടങ്ങളിൽ മഴയില്ലാത്ത ഇടവേളകൾ ലഭിക്കുമ്പോൾ മാത്രം പശ ചേർത്തു കീടനാശിനി തളിക്കുക. | | |
| നെല്ല് | വിവിധ ഘട്ടം | കുഴൽ പുഴു  | കരി ഓയിലോ മണ്ണെണ്ണയോ മുക്കിയ ഒരു കയർ നെല്ലോലകളുടെ മുകളിലൂടെ വലിച്ചു പുഴുക്കളെ വെള്ളത്തിലേക്ക് തള്ളിയിട്ടു വെള്ളം വാർത്തു കളയുക. പാടത്തു വെള്ളം വാർത്തതിന് ശേഷം മണ്ണെണ്ണ 1 L / അറക്ക പൊടി/ 25 kg മണൽ ഒരേക്കറിലേക്ക് വിതറുക |
| നെല്ല് | വിവിധ ഘട്ടം | ഓലചുരുട്ടിപുഴു  | ഓലചുരുട്ടിപുഴുആക്രമണംഉണ്ടെങ്കിൽമുള്ളുള്ളകമ്പു വലിച്ചുഓലചുരുളുകൾതുറക്കുക.<br>ആക്രമണംരൂക്ഷമാണെങ്കിൽമാത്രംഫ്ലൂബാൻഡൈഅമൈഡ്39.35%SC @1 മില്ലി/10ലിറ്റർവെള്ളത്തിൽഎന്നതോതിൽകലർത്തിതളിച്ച്കൊടുക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ  | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| തെങ്ങ് | വിവിധ ഘട്ടം | മഞ്ഞളിപ്പ്  | ഓരോ തെങ്ങിൻ തടത്തിലും 2കിഗ്രാം വീതം കുമ്മായം ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് തടത്തിൽ 200ഗ്രാം ബോറാക്സ്, 500ഗ്രാം മഗ്നീഷ്യം സൽഫേറ്റ്, 100ഗ്രാം സിങ്ക് സൽഫേറ്റ് എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. കൂടാതെ തെങ്ങൊന്നിന് രണ്ടു കിലോ വീതം പൊട്ടാഷും ചേർക്കുക. |

| | | | |
|---|---|---|---|
| കുരുമുളക് | കായ്ക്കുന്ന സമയം | പൊള്ളു കീടവും രോഗവും  | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ അഞ്ചു ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി അഞ്ചു മില്ലിയും സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | ഇലതീനി പുഴു  | ജൈവ കീടനാശിനികളായ ശ്രേയ, നന്മ തുടങ്ങിയവ 10 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളുടെ രണ്ടുവശത്തുമായി തളിക്കണം.<br>ക്വിനാൽഫോസ് 20 ഇസി (2-4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക.<br>ഫ്ലൂബെൻഡിയമൈഡ് 39.35 SC (2 മില്ലി, 10 ലിറ്റർ വെള്ളം) തളിക്കുക. |
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക. |
| മഞ്ഞൾ/ഇഞ്ചി | വിവിധ ഘട്ടം | മൂടുചീയൽ  | നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക. ബോർഡോ മിശ്രിതം 1 % തടത്തിൽ ഒഴിച്ച് കൊടുക്കുക |

| | | | |
|---|---|---|---|
| പശു | കറവപ്പശു | അകിടു വീക്കം<br><br> | അതിമാരകമായ ചില ബാക്ടീരിയകളാണ് രോഗ കാരണം. വൃത്തിഹീനമായ തൊഴുത്തിൽ നിന്നും, അണുക്കളുടെ വാഹകരായ ഈച്ച, കൊതുക്, കീടങ്ങൾ എന്നിവയിൽ നിന്നും അകിടിലേക്ക് അണുബാധയുണ്ടാകുന്നു. അകിടിന്റെ ഒരു കാമ്പിൽ നിന്നും മറ്റു കാമ്പുകളിലേക്കും ഒരു പശുവിൽ നിന്നും മറ്റു പശുക്കളിലേക്കും രോഗം പടരാം.<br><br>പാൽ സാധാരണ വെള്ള നിറം മാറി മഞ്ഞ നിറം കലർന്ന ദ്രാവകമായി മാറുന്നു, തീറ്റയെടുക്കാൻ വിമുഖത, ഗർഭമലസൽ, കടുത്ത പനി എന്നിവയാണ് മറ്റു ലക്ഷണങ്ങൾ. ചികിത്സ ലഭിക്കാതിരുന്നാൽ അകിടിന്റെ പാലുൽപാദന ക്ഷമത പൂർണ്ണമായി നശിച്ചു പോകുവാനും, പശു കിടപ്പിലായി മരണം വരെ സംഭവിക്കാനും സാധ്യതയുണ്ട്.<br><br>രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം. |
| പശു | വിവിധഘട്ടം | പാദ, വായ രോഗം<br><br> | അഫ്തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു, അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു.<br>**പ്രതിരോധം:** വ്യക്തിഗത മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനും ചുറ്റുപാടുകൾക്കും ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കുക. ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത്<br>(ഉടൻനടപടിയെടുക്കുക) | ജാഗ്രത<br>(തയ്യാറാവുക) | ശ്രദ്ധ<br>(കാതോർക്കുക) | നിസ്സാരം<br>(നടപടികൾആവശ്യമില്ല) |